# PRAYER
## (പ്രാർത്ഥന)

ഭൗതിക വാദിയായി ഒരു വ്യക്തി തന്റെ ഈ ജീവിതത്തെ ഒരു കാര്യ കാരണ – ശക്തികളാൽ ചലിച്ചു കൊണ്ടിരിക്കുന്ന ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു യന്ത്രമായി കണക്കാക്കുന്നു. അദ്ദേഹം ഈ ജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പരമമായ ഒരു ശക്തിയുണ്ട് എന്ന് അംഗീകരിക്കുന്നില്ല. പക്ഷെ ഈ യാഥാർത്ഥ്യം തിരിച്ചറിയുന്ന ഏതൊരു വ്യക്തിയും കാര്യ കാരണ ശക്തി നിയമം പ്രവർത്തിക്കുന്നുണ്ട് എന്ന് അംഗീകരിക്കുന്നതോടൊപ്പം തന്നെ ഇവയെല്ലാം ആത്യന്തികമായി ഒരു പരമാധികാര ശക്തിയുടെ നിയന്ത്രണങ്ങൾക്കും ആജ്ഞകൾക്കും വിധേയമായി മാത്രം നടക്കുന്ന ഒന്നാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. അങ്ങനെയുള്ള ഒരാൾ, കാര്യ കാരണങ്ങളെ അംഗീകരിക്കുമ്പോൾ തന്നെ പരമാധികാരിയായ ജഗന്നിയന്താവായ ദൈവത്തോട് സഹായത്തിനായി അർത്ഥിക്കുകയും അവന്റെ ഇംഗിതങ്ങൾക്കും ഇച്ഛകൾക്കും മുന്നിൽ സസന്തോഷം സ്വയം അടിയറ വെയ്ക്കുകയും ചെയ്യുന്നു. ദൈവം അങ്ങനെയുള്ള ആ വ്യക്തിക്ക് ഏറ്റവും നന്മ നിറഞ്ഞതു മാത്രം നൽകുന്നു. കാരണം അദ്ദേഹത്തിന് ഏറ്റവും അനുയോജ്യമായതെന്താണ് എന്ന് തിരിച്ചറിയാനുള്ള ശക്തി ദൈവത്തിനു മാത്രമാണുള്ളത്. അങ്ങനെ ലഭിക്കുന്ന അനുഗ്രഹങ്ങൾ തന്റെ പ്രാർത്ഥനകൾക്കും അനുസരിച്ചുള്ളതാകുമ്പോൾ അയാൾ കൃതാർത്ഥനാവുന്നു. പ്രാർത്ഥനക്കനുസരിച്ച ഫലങ്ങൾ അല്ല തനിക്ക് ലഭിച്ചത് എന്നറിഞ്ഞാൽ കൂടി അയാളിൽ ഒരു ചാഞ്ചല്യവുമുണ്ടാവില്ല. പൂർണ്ണമനസ്സോടെ, സംതൃപ്തിയോടെ തനിക്ക് ലഭിച്ചതിൽ സന്തോഷവാനായിരിക്കാൻ അയാൾക്കു കഴിയും. കാരണം തനിക്ക് ദൈവം ഔദാര്യമായി തന്നതൊക്കെ ദൈവേച്ഛയനുസരിച്ച് ഉണ്ടാകുന്നതാണെന്ന തിരിച്ചറിവ് അയാൾക്കുണ്ട്. തന്റെ ജീവിതത്തിലെ ഏതൊരു ചെറിയ കാലയളവിലും അയാൾ ദൈവത്തോടു സഹായമർത്ഥിച്ചുകൊണ്ടേയിരിക്കുന്നു. തന്റെ കഴിവുകൾക്കും ശ്രമങ്ങൾക്കുമൊക്കെയപ്പുറമായി ഒന്നുണ്ട് എന്ന് അയാൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഇങ്ങനെ തിരിച്ചറിഞ്ഞ് സഹായത്തിനായി കേഴുന്നതിനെയാണ് പ്രാർത്ഥന എന്നു പറയുന്നത്.

പ്രാർത്ഥനയെന്നത് ആഗോളമായ ഒരനുഭവ (വികാരം) മാണ്. അത് ഒരു പ്രശ്നമോ, അസുഖമോ, അപകടമോ, വിപത്തോ നേരിടുമ്പോൾ ഒരാൾ അതിനെ തരണം ചെയ്യുന്നതിനോ അതല്ലെങ്കിൽ തന്റെ ഏതെങ്കിലും ഭൗതികവാഞ്ചകളെ തൃപ്തിപ്പെടുത്തുന്നതിനോ, ആത്മീയ പുരോഗതി നേടുന്നതിനോ വേണ്ടിയോ അതുമല്ലെങ്കിൽ തന്റെ കഴിവിനുമുപരിയായിട്ടുള്ള ഏതെങ്കിലും പ്രതിസന്ധികളെ നേരിടുന്നതിനായി തന്റെ കഴിവു പോരാ എന്ന തോന്നൽ അയാളിലുണ്ടാവുമ്പോഴോ, പരമാധികാരിയായ ദൈവത്തിന്റെ സാമീപ്യം തനിക്ക് ലഭിക്കണമെന്ന ഉത്ക്കടമായ ആഗ്രഹം അയാളിൽ ജനിക്കുമ്പോഴൊ ആണ് പ്രാർത്ഥന എന്ന Feeling അയാൾ അനുഭവിച്ചറിയുന്നത്

നമ്മുടെ ദൈനം ദിന ജീവിതത്തിൽ നമ്മെക്കാൾ ശക്തരായ ആളുകളുടെ സഹായം തേടേണ്ടിവരുന്നത് സ്വാഭാവികമായ കാര്യമാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു പ്രശ്നം (Problem) പരിഹരിക്കാനാവാതെ വരുമ്പോൾ തന്റെ അധ്യാപകന്റെ സഹായം തേടുന്നതുപോലെയേയുള്ളൂ അത്. അതുപോലെ നമ്മെ രോഗം ഗ്രസിച്ചു കഴിയുമ്പോൾ നാം ഡോക്ടറെ സമീപിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ തന്റെ മേലുദ്യോഗസ്ഥനോട് തന്നെ സഹായിക്കുന്നതിനായി അർത്ഥിക്കുന്നതും ഒരു തരത്തിലുള്ള പ്രാർത്ഥന തന്നെയാണ്.

നമ്മെ ഒരു ബുദ്ധിമുട്ടോ അതുപോലെയുള്ള എന്തെങ്കിലും ഒരു പ്രതിസന്ധിയോ ബാധിക്കുമ്പോൾ നാം പരമ ശക്തനായ ദൈവത്തിനോട് കേഴുന്നു. ഇതിനെയാണ് പ്രാർത്ഥന എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. നമ്മെക്കാൾ ശക്തനായ, കഴിവുള്ള ഒരാളെ സഹായത്തിനായി ആശ്രയിക്കുന്നത് വളരെ സ്വാഭാവികമായ ഒരു സംഗതിയാണ്. പ്രപഞ്ചത്തിനെയും അതിലുള്ള സർവ്വതിനേയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന പ്രപഞ്ച നാഥനോട് സഹായമർത്ഥന നടത്താതിരിക്കുവാൻ തീർത്തും അശരണരായ ബലഹീനരായ നമുക്കെങ്ങനെ പറ്റും ?

എല്ലാ അർത്ഥത്തിലുമുള്ള അനുഗ്രഹ പുണ്യം (Grace) ലഭിക്കുവാനുള്ള ഏകമാർഗ്ഗം സർവേശ്വരന് സർവ്വതും സമർപ്പിക്കുക എന്നത് മാത്രമാണെന്ന് എല്ലാ വേദങ്ങളും നമ്മെ നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ആത്മീയ ഔന്നത്യം നേടുവാനുള്ള ഏകമാർഗ്ഗവും പ്രാർത്ഥനയാകുന്നു.

സൃഷ്ടികളെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുവാനുള്ള ഒരേയൊരു സ്വാഭാവിക മാർഗ്ഗം പ്രാർത്ഥന തന്നെ. ഏതൊരു സത്യാന്വേഷിക്കും തുടക്കം മുതൽ ഒടുക്കം വരെ തന്റെ നാഥനെ തിരിച്ചറിഞ്ഞ് ആ സത്യത്തിൽ വിലയം പ്രാപിക്കുന്നതുവരെ ഓരോ കാൽവെയ്പിലും പ്രാർത്ഥന ഒരു അനിവാര്യ ഘടകമായി നിലകൊള്ളുന്നു

പ്രാർത്ഥനയിലൂടെ ശാരീരികവും മതപരവും, രാജ്യാന്തരവും, സാമൂഹികവുമായ ഓരോ ആവശ്യങ്ങളും സഫലമാക്കുവാൻ സാധിക്കുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും ബുദ്ധിമുട്ടുകളെ അകറ്റി ആത്മാവിന്റെയും ദൈവത്തിന്റെയും ഒത്തു ചേരൽ സാധ്യമാക്കുന്നതിനുള്ള പരമമായ മാർഗ്ഗമായി പ്രാർത്ഥന മാറുന്നതിന് സാക്ഷിയാകുവാൻ നമുക്ക് ഓരോ വ്യക്തിക്കും സാധിക്കും.

എന്താവശ്യമാണോ പ്രാർത്ഥനയിലൂടെ നിങ്ങൾ ദൈവ സന്നിധിയിൽ സമർപ്പിക്കുന്നത്, നിങ്ങൾക്ക് അത് തീർച്ചയായും ലഭിക്കുന്നതാണ്, എന്ന വിശ്വാസത്തോടെ തന്നെ നിങ്ങളത് സമർപ്പിക്കുക. അപ്പോൾ നിങ്ങൾക്കത് ലഭിക്കുന്നതാണ്. ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും, അന്വേഷിക്കുവിൻ നിങ്ങൾ അത് കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കായി അത് തുറക്കും. കാരണം ചോദിക്കുന്ന ഓരോ വ്യക്തിക്കും അത് ലഭിക്കുന്നു. അന്വേഷിക്കുന്നയാൾക്ക് അത് കാണുന്നു. അതുപോലെ അർത്ഥിക്കുന്നവനു മുന്നിൽ വാതായനങ്ങൾ തുറക്കുന്നു.

ആളുകൾ തങ്ങളുടെ നൂറുകണക്കിന് ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുന്നുണ്ടെങ്കിലും മിക്കപ്പോഴും അവയൊന്നും തന്നെ സഫലീകരിക്കുന്നതായി കാണപ്പെടുന്നില്ല എന്നത് വളരെ സ്വാഭാവികമായി കണ്ടുവരുന്ന ഒരു പ്രതിഭാസമാണ്. അങ്ങനെ വരുമ്പോൾ മുകളിൽ പറഞ്ഞ വാക്ക് എന്തർത്ഥമാണുള്ളത്. ഏതു തരം പ്രാർത്ഥനയാണ് സ്വീകരിക്കപ്പെടുന്നത് എന്നും എന്തുകൊണ്ടാണ് എല്ലാ പ്രാർത്ഥനകളും സ്വീകരിക്കപ്പെടാതെ പോകുന്നത് എന്നും നോക്കാം.

ദൈവത്തിന്റെ (കാരുണ്യം) കൃപയെന്താണെന്ന് നമുക്കറിയാത്തതും അതറിയാതെ നമ്മുടെ നന്മക്കുതകാത്ത കാര്യങ്ങൾക്കായി ദൈവത്തോട് ആവശ്യങ്ങൾ നിരത്തുന്നതിലുമാണ് പ്രശ്നം, ദൈവം നമ്മുടെ പരിണാമവും, പുരോഗതിയുമാണ് ലക്ഷ്യമിടുന്നത്. അതിനു വിലങ്ങുവെയ്ക്കുന്ന ഒന്നാണ് നമ്മൾ ആവശ്യപ്പെടുന്നത് എന്നു വരുകിൽ ആ അർത്ഥന ദൈവം നിരസിക്കുന്നു. (ആ പ്രാർത്ഥന സഫലമായാൽ അത് നമ്മുടെ ഭൗതിക പുരോഗതിയെ മാത്രം ലക്ഷ്യമിട്ടിട്ടുള്ളതും നമ്മളെ തിന്മയുടെ പാതയിലേക്കു നയിക്കുന്നതുമാണ്. എന്നതിനാലാണ് ആ പ്രാർത്ഥനകൾ നിരസിക്കപ്പെടുന്നത്.)

ആയതിനാൽ നമ്മുടെ ഏതെങ്കിലും പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാതെ പോകുന്നുവെങ്കിൽ മനസ്സിലാക്കി കൊള്ളുക നമ്മെ നന്മയിലേക്കു നയിക്കുന്നതിനും, തിന്മയിൽ നിന്നും അകറ്റുന്നതിനും വേണ്ടി മാത്രമാണ് അവ നിരസിക്കപ്പെട്ടത്. " നിങ്ങൾ ചോദിച്ചു – നിങ്ങൾക്ക് കിട്ടിയില്ല , എന്തുകൊണ്ടെന്നാൽ, നിങ്ങൽ ചോദിച്ചത് ലഭിക്കുകയാണെങ്കിൽ നിങ്ങൾ പ്രലോഭനങ്ങൾക്കടിമപ്പെട്ടു പോയേക്കാം."

നാം ശാരീരികവും, വൈകാരികവുമായ സുഖങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. അവയ്ക്കപ്പുറത്തേക്ക് നമ്മുടെ ദൃഷ്ടി ഉയരുന്നേയില്ല. നാമാവശ്യപ്പെട്ടതൊക്കെ നമുക്ക് ലഭിച്ചാൽ നാം കൂടതൽ കൂടുതൽ ഭൗതിക സുഖങ്ങളിൽ ആമഗ്നരാവുകയും നമ്മുടെ തിന്മകൾ കൂടി കൂടി വരികയും ചെയ്യും. ഈ അവസരത്തിൽ നാമോരോരുത്തരും മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്. ഈ പ്രപഞ്ചമാകുന്ന യന്ത്രത്തിലെ തീരെ ചെറിയ ഒരു ഭാഗം മാത്രമാണ് നാമെന്നും മറ്റെല്ലാ ഭാഗങ്ങളുമായും നമുക്ക് അനിഷേധ്യമായ ബന്ധമുണ്ടെന്നും മനസ്സിലാക്കുക.

നമ്മുടെ ദൃഷ്ടിക്കും കാഴ്ചപ്പാടുകൾക്കും പരിമിതിയുള്ളതിനാൽ നമുക്ക് നമ്മളെയും നമ്മുടെ ചുറ്റുപാടുകളെയുംമല്ലാതെ ദർശിക്കാൻ സാധ്യമല്ല. അതേയവസരത്തിൽ ദൈവത്തിനാകട്ടെ, ഈ പ്രപഞ്ചത്തെ മുഴുവൻ ദർശിക്കാനാകും. അവൻ എല്ലാറ്റിന്റേയും ആദ്യന്തം കാണുന്നവനാകുന്നു.

ദൈവത്തിന് നമ്മുടെ ഭൂതവും, ഭാവിയും വർത്തമാനവുമൊക്കെയറിയാം. അതിനാലാണ് നാമൊരാവശ്യം സമർപ്പിക്കുമ്പോൾ അത് നമ്മുടെ നന്മക്കുതതുന്നതാണോ അല്ലയോ എന്നറിഞ്ഞ് സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നത്. മിക്ക അവസരത്തിലും സംഭവിക്കുന്നത് തന്റെ ആത്മീയ നേട്ടത്തിനു സഹായകമാവാത്ത വിധത്തിലുള്ള ആവശ്യങ്ങളാവും ഒരാൾ സമർപ്പിക്കുക എന്നതാണ്. ഈ സത്യമറിയാതെ അയാൾ ദൈവത്തോട് വീണ്ടും വീണ്ടും ആവശ്യപ്പെട്ടുകൊണ്ടേയിരിക്കും, ആ പ്രാർത്ഥന സഫലമാകുന്നതിലേക്കായി വാഗ്ദാനങ്ങൾ ഏറെ ചെയ്യുകയും ചെയ്യും, പക്ഷെ അത് സാധിക്കില്ല. ആയതിനാൽ നാമെപ്പോഴും ഇപ്രകാരം ദൈവത്തോട് പ്രാർത്ഥിക്കുക– നാഥാ ! എനിക്കൊന്നുമറിയില്ല. എന്റെ മനസെന്നെ വിലയ്ക്കെടുത്തിരിക്കുകയാണ്. എന്റെ നന്മ മാത്രം കാംക്ഷിക്കുന്നവനേ, എന്നെ എനിക്കു നന്മ വരുത്തുന്നതിലേക്ക് നയിക്കേണമേ. നിന്റെ സന്തോഷത്തിലേക്കും എന്റെ മോക്ഷത്തിലേക്കും നയിക്കുന്ന പാത എന്നെ കാട്ടിത്തരേണമേ.

വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു. " അല്ലയോ നാഥാ ! പരലോകത്തും നന്മ വരുത്തുന്നത് മാത്രം ഇഹലോകത്ത് നീ ഞങ്ങൽക്ക് നൽകേണമേ ! ഞങ്ങളെ നരകശിക്ഷയിൽ നിന്നും കാത്തുകൊള്ളേണമേ."

പ്രാർത്ഥനയെ സംബന്ധിച്ച് ഒരു ചൊല്ലുണ്ട് – നിങ്ങളുടെ നിത്യതൊഴിൽ (കർത്തവ്യം) എന്നത് ദൈവത്തിനോട് അർത്ഥിക്കുക എന്നതു മാത്രമാണ്. അതാണ് നിങ്ങളുടെ യഥാർത്ഥ ജോലി. നിങ്ങളുടെ പ്രാർത്ഥന ദൈവ സന്നിധിയിൽ കേട്ടോ ഇല്ലയോ എന്നതിനെപ്പറ്റി വേവലാതിപ്പെടുകയേ വേണ്ട. അത് ദൈവത്തിന്റെ ഇംഗിതം മാത്രമാണ്.

നമ്മുടെ പ്രാർത്ഥനകൾ ദൈവേച്ഛയുമായി താദാത്മ്യം പ്രാപിക്കുന്നവയായിരിക്കണം. ദൈവേച്ഛ എന്താണോ അതിൽ തൃപ്തരായിരിക്കാൻ – സന്തോഷം കണ്ടെത്താൻ നമുക്ക് കഴിയണം.

നമ്മുടെ പ്രാർത്ഥനകൾ ഫലവത്താകാൻ ദൈവേച്ഛയനുസരിച്ചുള്ള ഒരു ജീവിതം നയിക്കാൻ നാം സന്നദ്ധരും ദൈവസ്മരണയിൽ സന്തോഷം കണ്ടെത്തുന്നവരും ആയിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പാപികളെ ശുദ്ധരാക്കാനും ഭൗതികവും, മാനസികവും, ആത്മീയവുമായ രോഗങ്ങളിൽ (മാലിന്യങ്ങളിൽ) നിന്നും മുക്തരാകുവാനും വേണ്ടി ചെയ്യുന്ന പ്രാർത്ഥനകൾ ദൈവത്തിൽ അടിയുറച്ചു – അതായത് അവനാണ് സർവ്വ ശക്തൻ എന്ന് – വിശ്വസിച്ച് ചെയ്യേണ്ടവയാണ്. അങ്ങനെയുള്ള പ്രാർത്ഥനകൾക് തീർച്ചയായും ഉത്തരം ലഭിക്കുന്നതാണ്.

വേദനകളും, അർത്ഥനകളും, കേഴലുകളും ഉൾക്കൊള്ളുന്ന പ്രാർത്ഥനകൾ ശരിയായ രീതിയിലുള്ളവയാണ് പ്രാർത്ഥനകൾ നടത്തേണ്ടത് പൂർണ്ണമായ ആത്മവിശ്വാസത്തോടെയും അങ്ങേയറ്റത്തെ ക്ഷമയോടെയും, വിനയവും, സമർപ്പണവും ഉൾക്കൊണ്ട സ്നേഹനിർഭരമായ ഹൃദയത്തോടെയും ആകണം.

" അല്ലയോ മനമേ ! ദൈവത്തെ ഭയാദരവോടെ കണ്ട് കൊണ്ട് നിൽക്കൂ. എത്ര നീചനിൽ നീചനെയും ദൈവം തന്നിലേക്ക് ചേർത്ത് നിർത്തും."

ഇത്തരുണത്തിൽ ക്ഷമയോടെ ആത്മാർത്ഥതയോടെ, സമർപ്പണത്തോടെ, വിനയത്തോടെ ഒരുവൻ പ്രാർത്ഥിക്കുമ്പോൾ ആ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നു. അങ്ങനെ സ്വീകരിക്കപ്പെട്ട പ്രാർത്ഥനകൾക്ക് നിങ്ങൾ ഉപകാരസ്മരണ നടത്തുകയും ചെയ്യുന്നു.

നമ്മുടെ പെരുമാറ്റവുമായി പുല ബന്ധം പുലർത്താത്ത വാക്കുകളാൽ നന്ദിരേഖപ്പെടുത്താൻ കഴിയില്ല. ദൈവസ്മരണയിൽ സന്തോഷം കണ്ടെത്തൂ. അവൻ നിങ്ങളുടെ ആഗ്രഹങ്ങളെ സഫലീകരിച്ചു തരും.

ക്രിസ്തു പറയുന്നു, " നിങ്ങൾ എന്നിൽ വസിച്ചാൽ എന്റെ വാക്കുകൾ നിങ്ങലിൽ വസിക്കും. നിങ്ങൾ ആഗ്രഹിക്കുന്നത് ചോദിപ്പിൻ നിങ്ങളുടെ ഹൃദയത്തെ സന്തോഷിപ്പിക്കാനായി അതു നിങ്ങൾക്കു നൽകും. ദൈവം നിന്റെ ഹൃദയേച്ഛകളെ സഫലമാക്കി തരുന്നതാണ്. "

യഥാർത്ഥ പ്രാർത്ഥന എന്നത് നമ്മുടെ ജീവിതത്തെ പരിശുദ്ധവും സത്യസന്ധവും ആക്കാനുള്ള നിതാന്ത പരിശ്രമമാണ്. അത് നമ്മെ ദൈവസ്മരണയിലേക്ക് നയിക്കുന്നു. അങ്ങനെ ദൈവത്തിന്റെ അനന്തമായ അനുഗ്രഹങ്ങളും കൃപയും നിങ്ങളുടെ ഹൃദയത്തിലെ ആത്മാർത്ഥവും പരുശുദ്ധവുമായ ആഗ്രഹങ്ങളെ സഫലമാക്കുന്നു. പക്ഷേ ദൈവത്തെ ഞാൻ സ്നേഹിക്കുന്നു എന്ന വെറും വാക്കുകളിലൂടെ മാത്രം നാം ആരും ദൈവത്തെ സ്നേഹിക്കാൻ, ആരാധിക്കാൻ തുടങ്ങുന്നില്ല. എന്നാൽ ബോധപൂർവ്വം നാം നമ്മുടെ ജീവിതത്തെ പരിശുദ്ധവും സത്യസന്ധവും ആക്കാനായി പ്രാർത്ഥിക്കുകയും അങ്ങനെ നമ്മുടെ ജീവിതത്തെ ഉയർത്തുവാനായി ശ്രമിക്കുകും ചെയ്താൽ നമ്മളെ ദൈവം അവനിച്ഛിക്കുന്നതുപോലെ രൂപപ്പെടുത്തുകയും അവന്റെ സാന്നിധ്യം നമ്മെ അനുഭവിപ്പിക്കുകയും അവന്റെ സ്നേഹം നമുക്ക് പകർന്നു നൽകുകയും ചെയ്യുന്നതാണ്.

# DO NOT INJURE THE FEELINGS OF OTHERS

## (മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തരുത്)

ആത്മീയ പാതയിൽ വിരാജിക്കുന്നതിന് മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കേണ്ടതും നമ്മുടെ സഹയാത്രികരെ ശ്രദ്ധിക്കുകയും (പരിഗണിക്കുകയും) അവരോട് സഹതാപം പ്രകടിപ്പിക്കുന്നതിനുള്ള ഗുണവിശേഷം സ്വായത്തമാക്കുകയും ചെയ്യേണ്ടത് വളരെ അവശ്യമായ ഒന്നാണ്. മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുക വഴി നമ്മുടെ ഹൃദയം അന്ധകാരത്തിലാണ്ടു പോവുകയാണ് ചെയ്യുക. അതേ സമയം മറ്റുള്ളവരോട് സഹതപിക്കുന്നതു വഴി നാം അവരെ സംപ്രീതരും നമ്മുടെ ഹൃദയത്തെ പ്രകാശപൂരിതവും ആക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരെ വ്രണിത ഹൃദയരാക്കുക വഴി നാം impurity യും disfiguration ഉം സൃഷ്ടിക്കുന്നു.

അതേസമയം സഹതാപം പ്രകടിപ്പിക്കുന്നതിലൂടെ നാം നമ്മുടെ സ്വഭാവത്തെ തന്നെ മഹത്വ പൂർണ്ണവും, ആലങ്കാരികവും, സൗന്ദര്യം നിറഞ്ഞതുമാക്കി മാറ്റുകയാണ് ചെയ്യുക. ആദ്യം ചൂണ്ടി കാട്ടിയ സ്വഭാവ ശീലം നമ്മെ പരുഷരും, പ്രയാസമനുഭവിക്കുന്നവരും ആക്കി മാറ്റുന്നു. എന്നാൽ രണ്ടാമത്തേതാകട്ടെ നമ്മളെ മൃദുല സ്വഭാവികളും, ലളിതരുമാക്കി മാറ്റുന്നു. മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുക മുഖേന നാം അവരുടെ ഹൃദയങ്ങളെ വേദനിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് മൂന്ന് തരത്തിലാണ് സംഭവിക്കുന്നത്.

## 1. Mental (മാനസികം)

നിങ്ങളുടെ മനസ്സിനെ നിയന്ത്രണ വിധേയമാക്കൂ, എന്തെന്നാൽ അങ്ങനെ നിങ്ങളുടെ മനസ്സിലേക്ക് മറ്റുള്ളവരെ വേദനിപ്പിക്കണമെന്ന ചിന്തകൾ കടന്നുവരാതിരിക്കട്ടെ.

## 2. Vocal (ശബ്ദം)

നിങ്ങൾ നിങ്ങളുടെ നാവുകളെ സൂക്ഷിക്കൂ, എന്തെന്നാൽ അങ്ങനെ അവ മോശമായ വാക്കുകൾ ഉച്ചരിക്കാതിരിക്കട്ടെ. മോശമായതും മര്യാദയില്ലാത്തതുമായ വാക്കുകൾ ഉച്ചരിക്കാൻ അതുപയോഗിക്കരുത്.

ചീത്ത പറയൽ ഒറ്റത്തവണമാത്രം. പക്ഷെ അതിന്റെ അനന്തരഫലങ്ങൾ പലതാണ്. മോശം പദങ്ങൾ വാഗ്വാദങ്ങളിലേക്കും സ്വരച്ചേർച്ചയില്ലായ്മയിലേക്കും കഷ്ടപ്പാടുകളിലേക്കും നയിക്കുന്നു.

കോപാകുലനായ ഒരു വ്യക്തി ദേഷ്യപ്പെടുമ്പോൾ തനിക്ക് തദവസരത്തിൽ തന്റെ എതിരാളിയെ തറപറ്റിക്കുന്നതിനും തനിക്കു തന്നെ മുന്നിട്ടു നിൽക്കുന്നതിനുമായി അങ്ങേയറ്റം മോശമായ പദങ്ങൾ ഉപയോഗിക്കുന്നു. എന്നാൽ Saint (സന്യാസി) ആയ വ്യക്തി ആകട്ടെ പരാജയം സമ്മതിക്കുകയും മോശമായ പദങ്ങൾ ഉപയോഗിക്കാതെ നിശബ്ദത അവലംബിക്കുകയും ചെയ്യുന്നു. ചീത്ത വാക്കുകൾ കത്തുന്ന കൽക്കരി പോലെയാണ്. അവ ചീറ്റുന്നത് വിദ്വേഷത്തിന്റേയും, കോപത്തിന്റേയും, ദുഷിച്ചിലിന്റെയും പുകയാണ്. ഇങ്ങനെയുള്ള ചീത്ത പദങ്ങൾ പ്രയോഗിക്കുന്നതിൽ നിന്നും സ്വയം നിയന്ത്രിച്ച് പിന്മാറാൻ കഴിയുന്നയാളെ മാത്രമേ Saint (പുണ്യവാളൻ) എന്നു വിശേഷിപ്പിക്കാനാവൂ. ചീത്ത പറയുമ്പോഴൊന്നേയൊന്നു മാത്രം. പക്ഷെ തിരിച്ചടിക്കുമ്പോഴത് പലമടങ്ങും.

അല്ലയോ മുനീർ ! ചീത്തയ്ക്ക് പകരം ചീത്ത നൽകാതിരിക്കുമ്പോൾ അതൊന്നു മാത്രമായി തന്നെ നില കൊള്ളും. ചീത്ത പറയൽ വഴക്കിലേക്കും വക്കാണത്തിലേക്കും, ബദ്ധപ്പാടിലേക്കും, സ്വരച്ചേർച്ചയില്ലായ്മയിലേക്കും നയിക്കുന്നു. ചീത്ത കേൾക്കുമ്പോൾ തോൽവി സമ്മതിച്ച് നിശബ്ദത പാലിക്കുന്നവൻ Saint (പുണ്യവാളൻ) അതേ സമയം, അതേ നാണയത്തിൽ തിരിച്ചടിക്കുന്നവനോ നീചൻ. (തരം താഴ്ന്നവൻ) ഇവയിൽ നിന്നും– ഇവരിൽ നിന്നും അകന്നു നിൽക്കുന്നവൻ വിശുദ്ധൻ. മദ്യപിക്കുകയോ, ഇരിപ്പിടം കത്തിക്കുകയോ, പ്രാർത്ഥനാലയത്തിന് അഗ്നികൊളുത്തുകയോ വിഗ്രഹാരാധകരോടൊപ്പം വസിക്കുകയോ ചെയ്താൽ പോലും നിങ്ങൾ മറ്റുള്ളവരുടെ ഹൃദയങ്ങളെ വ്രണപ്പെടുത്തുന്ന പ്രവണത വച്ചു പുലർത്തരുത്.

## 3. Bodily or Physical :- (ശാരീരികം)

നിങ്ങളുടെ ശരീരത്തെ നിങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിലാക്കൂ. അങ്ങനെ വരികിൽ ഒരു ശരീരാവയവവും, കാലോ, കയ്യോ ഒന്നും തന്നെ മറ്റുള്ളവരെ വേദനിപ്പിക്കില്ല. മറ്റൊരാളുടെ ഹൃദയത്തെ വേദനിപ്പിക്കുക എന്നത് വിലക്കപ്പെട്ടിരിക്കുന്ന അക്രമമാണ്. തന്റെ വാക്കുകളാലോ, പ്രവൃത്തികളാലോ മറ്റു ഹൃദയങ്ങളെ വേദനിപ്പിക്കുടെയും വേദനിപ്പിക്കുന്ന ഏതൊരു വ്യക്തിയും മഹാ പാപിയാണ്.

# CONTINENCE - CHASTITY

(Received on 19 May 2002 after Esha)

## (19, മെയ് 2002 ഇശാ നമസ്കാരാനന്തരം ലഭിച്ചത്)

ഇന്ദ്രീയ നിഗ്രഹം ലക്ഷ്യമിടുന്നത് ദൈവത്തെ കണ്ടെത്താനുള്ള ശ്രമത്തിലാണ്. കാരണം ദൈവികസത്തയെ തിരിച്ചറിയുക എന്ന ലക്ഷ്യത്തെ ഫലപ്രാപ്തിയിലെത്തിക്കുന്ന അങ്ങേയറ്റം കരുത്തേറിയ മാധ്യമമാണിത് (പരിശുദ്ധി) എന്നത് മനുഷ്യന്റെ നല്ല ഗുണങ്ങളിൽ വച്ചേറ്റവും ഉന്നതിയിലുള്ള മനോഹരമായ ഒരു പുഷ്പമാണ്. പരിശുദ്ധി എന്നത് അങ്ങേയറ്റം നിശ്ചയദാർഢ്യവും മനോനിയന്ത്രണവും ആവശ്യപ്പെടുന്ന ഒന്നാണ്. കാരണം മോശമായ ഒരു ചിന്ത മനസ്സിൽ കടന്നുവരുന്നതുകൊണ്ട് പോലും പരിശുദ്ധി നഷ്ടപ്പെടാം. ഫലങ്ങൾ അവയുടെ ചെടികളിൽ നിൽക്കുമ്പോൾ എത്ര പുതുമയോടെയാണ് കാണുക. എന്നാൽ അവയെ ചെടികളിൽ നിന്നും പൊട്ടിച്ചെടുക്കുന്ന നിമിഷം അവയുടെ പുതുമ നഷ്ടപ്പെടുകയാണ്. തേൻ നിറച്ച ഒരു ഭരണിയിൽ അവയെ ഭദ്രമായി സൂക്ഷിച്ചാൽ നമുക്ക് ഒരു ചെറിയ കാലയളവു വരെ അവയുടെ പുതുമയെ സംരക്ഷിക്കാൻ കഴിയും ഇതുപോലെ ഒരു സ്ത്രീയുടെയോ, പുരുഷന്റേയോ പരിശുദ്ധി മുൻപറഞ്ഞ ഏതെങ്കിലും ചിന്തകളാലോ മറ്റോ നഷ്ടപ്പെട്ടുപോയാൽ, വളരെ ഉന്നത നിലയിലുള്ള ദൈവ ഭക്തി കൊണ്ടു മാത്രമേ സംരക്ഷിക്കാനാവുകയുള്ളൂ. ആ നിലവാരത്തിലുള്ള ദൈവ ഭക്തി പൊട്ടിച്ചെടുക്കപ്പെട്ട ഫലത്തെ തേൻ എങ്ങനെ സംരക്ഷിക്കുന്നുവോ അതുപോലെ അവരുടെ ആത്മാവിനൊരു സംരക്ഷണ കവചമായി നിലകൊള്ളുന്നു. അത്തരം ഉയർന്ന തലത്തിലുള്ള ദൈവ ഭക്തി കൈവരിക്കാനാവാതെ വന്നാൽ തീ നാളത്തിലാകർഷിക്കപ്പെട്ട ഈയാം പാറ്റയെ പോലെ നാം നശിപ്പിക്കപ്പെട്ടു പോകുന്നു.

മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം സന്താനോൽപ്പാദനം മാത്രമല്ല. നമ്മുടെ ലക്ഷ്യം എന്നത് ദൈവവുമായി നമ്മുടെ ആത്മാവിനെ വിലയം പ്രാപിപ്പിക്കുക (ഒന്നിക്കുക) എന്നതാണ്. ആത്മീയ പാതയിൽ ചരിക്കുന്ന ഏതൊരു വ്യക്തിയുടേയും മനസ്സിൽ ഈ ലക്ഷ്യം സദാ ഉണ്ടായിരിക്കേണ്ടതാണ്. ഒരു നിശ്ചിത പ്രായത്തിനുശേഷം ഉദാഹരണമായി പറഞ്ഞാൽ 40 – 50– കഴിഞ്ഞ് ഭാര്യാ ഭർതൃ ബന്ധത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതാണ്. നിങ്ങൾ സദാ സദാചരരും പരിശുദ്ധരുമായ ആളുകളുടെ കൂട്ടത്തിലായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയുള്ള സൗഹൃദ വലയങ്ങൾ നിങ്ങൾക്ക് ലഭ്യമല്ലെങ്കിൽ ദൈവത്തെ സ്നേഹത്തോടെയും ഭക്തിയോടെയും പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. അങ്ങനെ നിങ്ങൾക്ക് നിങ്ങളുടെ അന്തരാളങ്ങളിലെ മാലിന്യങ്ങളെ കഴുകി കളയാൻ സാധിക്കുന്നതാണ്.

# CHARITY

## (കൃപ, ദീനദയാലുത)

ദൈവം കാരുണ്യവാനാകുന്നു. എല്ലാ അനുഗ്രഹങ്ങളുടേയും ദാതാവാകുന്നു അവൻ. അല്ലയോ ! കരുണാവാരിധേ, ഞങ്ങൾക്ക് നൽകിയാലും എന്ന് നമ്മൾ അവനോട് അർത്ഥിക്കുകയും അവൻ നമുക്ക് വാരിക്കോരി തരികയും ചെയ്യുന്നു.

അവൻ എന്തുതന്നെ നൽകുന്നുവോ അതെല്ലാവർക്കുമായി നൽകുകയാണ്. അതുപോലെ തന്നെ, നമുക്കെന്തുണ്ടോ അതിൽ മറ്റുള്ളവർക്കും ഒരവകാസമുണ്ട്. നമ്മൾ പങ്കു വെയ്ക്കുകയും അതിലാനന്ദം കണ്ടെത്തുകയും വേണം. നാമെല്ലാവരും ദൈവത്തിന്റേതാണ്. നാം യഥാർത്ഥത്തിൽ ശരിക്കും അവന്റേതാണെങ്കിൽ, നമുക്ക് ചുറ്റുമുള്ള എല്ലാവരും നമ്മുടെ പങ്കാളികളാവുന്നതായും, അതിലൊരാൾ പോലും ദൈവാലയത്തിൽ നിന്നും അന്യനായി മാറുന്നതായും നമുക്ക് തോന്നുകയേയില്ല.

ലോകനന്മക്ക് ദീനദയാലുത വളരെ ആവശ്യമായ ഒരു ഘടകമാണ്. ഉദാരത എന്നത് അങ്ങേയറ്റം പ്രശംസനീയമായ കർമ്മമാണ്. ഉദാരതയിലൂടെ സുഗന്ധവും, പുതുമയും ഏറുകയും, പിശുക്കിലൂടെ ചീഞ്ഞു നാറ്റം ഉണ്ടാവുകയും ചെയ്യുന്നു. നിത്യവും വെള്ളം കോരുന്ന കിണറ്റിലെ വെള്ളം എങ്ങനെ പുതുമയും, മാധുര്യവുമുള്ളതായി നിലനിൽക്കുമോ അതുപോലെയാണ് ഔദാര്യമെന്നത്. ഔദാര്യം എന്നത് ആവശ്യക്കാര നായി തനിക്കുള്ള ധനത്തിൽ ഒരു പങ്ക് വീതിച്ചു നൽകലാണ്. നല്ല പ്രവൃത്തികൾക്കായി ധനം ചെലവഴിക്കലാണ്.

ഒരു തോണിയിൽ വെള്ളം നിറയുമ്പോൾ അല്ലെങ്കിൽ ഒരു വീട്ടിൽ ധനം കുമിഞ്ഞു കൂടുമ്പോൾ, രണ്ട് കൈ കൊണ്ടും കോരി കളയുക എന്നതാണ് ബുദ്ധിമാൻമാർ ചെയ്യുക. സ്വന്തം കൈകളാൽ അധ്വാനിച്ചുണ്ടാക്കുകയും അത് ആവശ്യക്കാരുമായി പങ്കു വെയ്ക്കുകയും ചെയ്യുന്നത് ദൈവീക സന്നിധിയിൽ സ്വീകരിക്കപ്പെടുന്ന കർമ്മങ്ങളാണ്.

ഒരു വൃദ്ധനായ മനുഷ്യൻ ഹജ് നിർവ്വഹിക്കുവാനായി മക്കയിലേക്ക് പോയി. അദ്ദേഹം സ്വപ്നത്തിൽ രണ്ട് മാലാഖമാരെ കണ്ടു. അതിലൊരു മാലാഖാ രണ്ടാമനോടു ചോദിച്ചു. എത്ര പേർ ഹജ്ജിനായി എത്തിച്ചേർന്നിട്ടുണ്ട്. രണ്ടാമൻ മറുപടിയായി ആറു ലക്ഷം എന്നു പറഞ്ഞു. ഒന്നാമൻ വീണ്ടും ചോദിച്ചു, അതിൽ എത്രപേരുടെ ഹജ്ജ് സ്വീകരിച്ചു. ആരുമില്ല എന്ന് രണ്ടാമൻ മറുപടി നൽകി. എന്നിട്ട് ഇങ്ങനെ കൂട്ടിച്ചേർത്തു. ദമാസ്കസിലുള്ള, ഹജ്ജിൽ പങ്കെടുക്കാതെ, ഒരു ചെരുപ്പുകുത്തിയുടെ ഹജ്ജ് സ്വീകരിക്കപ്പെട്ടിരിക്കുന്നു. തുടർന്നുള്ള അന്വേഷണത്തിൽ വ്യക്തമായത് അദ്ദേഹം ഹജ്ജിനായി പണം സ്വരുക്കൂട്ടിയെങ്കിലും തന്റെ അയൽക്കാർ പട്ടിണിയിലായിരുന്നതിനാൽ അവരുടെ ദാരിദ്ര്യം നിർമ്മാജനം ചെയ്യു ന്നതിനായി അത് വിനിയോഗിക്കുകയുണ്ടായി എന്നാണ്.

യഥാർത്ഥമായ ദീനദയാലുത എന്നത് നമ്മുടെ നിലനിൽപ്പിനാവശ്യമായ പണം സമ്പാദിക്കൽ മാത്രമല്ല അത് ഒരു വിഹിതം പ്രതിഫലേച്ഛ കൂട്ടാതെ, ആത്മീയ നന്മയാക്കായി മറ്റുള്ളവർക്കു വേണ്ടി ചെലവഴിക്കാൻ കൂടിയാണ്.

# HUMANITY

## (മാനുഷികത)

ദൈവത്തേയും അവന്റെ സൃഷ്ടികളെയും സ്നേഹിക്കുക എന്നതാണ് മാനുഷികത എന്നതു കൊണ്ടുദ്ദേശിക്കുന്നത്. ദയാ, കാരുണ്യവായ്പ്പ് സഹജീവിവായ്പ, ഹൃദയംഗമമായ ആകർഷണം എന്നിവയൊക്കെ ഇതിന്റെ ഭാഗങ്ങളാണ്. മറ്റൊരാളുടെ കഷ്ടത കാണുമ്പോൾ ഒരാളുടെ ഹൃദയം മെഴുക് ഉരുകുംപോലെ ഉരുകുന്നത് മാനുഷികതയുടെ ഉത്തമ തെളിവാണ്. അപ്പോൾ ആ വ്യക്തിക്ക് അന്യന്റെ ദുഃഖം തന്റെ ദുഃഖമായി അനുഭവപ്പെടുന്നു.

അപ്പോൾ അയാൾക്ക് ആ വ്യക്തിയോട് സഹതാപം തോന്നുകയും അയാളുടെ കഷ്ടതകൾ ദുരീകരി ക്കുന്നതിനുള്ള നടപടികളെടുക്കണമെന്ന വ്യഗ്രതയുണ്ടാവുകയും ചെയ്യുന്നു.

ഏതൊരാൾക്കും തന്റെ സഹജീവികളുടെ ദുഃഖം തന്റേതാണെന്ന തോന്നലുണ്ടാകേണ്ടതും അവരോട് സഹാനുഭൂതി തോന്നേണ്ടതുമാണ്. സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും സഹാനുഭൂതിയുടേയും വികാരം ഒരാളിൽ ഉടലെടുക്കുന്നില്ലെങ്കിൽ അയാളും ചുമരിന്മേലുള്ള അയാളുടെ ചിത്രവും തമ്മിൽ യാതൊരു അന്തരവുമില്ല. രണ്ടും നിഷ്ഫലം തന്നെ.

സ്നേഹമില്ലാത്ത ഹൃദയം ശ്മശാനം പോലെയാണ്, ഇരുമ്പു പണിക്കാരന്റെ ഉലപോലെ നിർജ്ജീവമാണെങ്കിലും അത് ശ്വസിക്കുന്നുണ്ട്.

ഒരാളിൽ സ്നേഹത്തിന്റെ, അലിവിന്റെ കിരണങ്ങൾ നാമ്പെടുക്കുമ്പോൾ മറ്റു ഗുണങ്ങളും നന്മകളും സ്വമേധയാ ഉടലെടുക്കുന്നു.

ദൈവം തന്നെ സ്നേഹമാണ്. ഈ ലോകത്തിന്റെ ചേതന തന്നെ സ്നേഹത്തിൽ അധിഷ്ഠിതവും, അതുകൊണ്ടു തന്നെ സ്നേഹിക്കുക എന്നത് ഓരോ മനുഷ്യജീവിയുടേയും ചുമതലയാണ്. സ്നേഹമുള്ള ഒരാൾ ഒരിയ്ക്കലും മറ്റൊരാളുടെ വികാരങ്ങളെ വ്രണപ്പെടുത്തുവാൻ മുതിരുകയേയില്ല.

# NO COMPULSION IN RELIGION

## " മതത്തിൽ ഒരു ബലപ്രയോഗവുമില്ല"

## (2002 സെപ്തംബർ 8-ാം തീയതി മഗ്‌രീബ് നമസ്കാരാനന്തരം ലഭിച്ചത്)

**(On 8th Sept.2002 after Magrib Prayer)**

വിശ്വാസത്തിന്റെ സുപ്രധാനവും വിപുലവുമായ തലങ്ങളെ വിശദമാക്കുകയും, ദൈവത്തിന്റെ ഔന്നത്യവും സൃഷ്ടിജാലങ്ങളുമായി അവനുള്ള ബന്ധവും തുറന്നു കാട്ടുകയും വിശ്വാസികളുടെ ഗുണഗണങ്ങളെപ്പറ്റി വിശദമാക്കുകയും ചെയ്തതിനു ശേഷം സൂറ. ബഖറയിൽ "അവർ വിശ്വസിക്കുകയും, ആ വിശ്വാസത്തെമറ്റുള്ളവർക്കിടയിൽ പ്രചരിപ്പിക്കുകയും അതുവഴി മനുഷ്യ സമൂഹത്തിന്റെ നേതൃസ്ഥാനം വഹിക്കുകയും ചെയ്യുമ്പോൾ, അവരുടെ ശരിയായ പെരുമാറ്റം എങ്ങനെയായിരിക്കുമെന്ന് വിശദമാക്കുന്നു.

**മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മർഗം ദുർമാർഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുഃശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. (എന്ന് ധരിച്ചുകൊള്ളുക). അത് ഒരിയ്ക്കലും മുറിഞ്ഞ് പോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാവുന്നു. അല്ലാഹു സത്യവിശ്വാസം സ്വീകരിച്ചവരുടെ മിത്രമാകുന്നു. അവൻ അവരെ (നാനാ വിധത്തിലുള്ള) അന്ധകാരങ്ങളിൽ നിന്ന് വിമുക്തരാക്കി പ്രകാശത്തിലേക്ക് നയിക്കുന്നു. അവിശ്വസിച്ചവരാകട്ടെ, അവരുടെ മിത്രങ്ങൾ ദുശ്ശക്തികളത്രെ. അവർ അവരെ പ്രകാശത്തിൽ നിന്നും അകറ്റി അന്ധകാരങ്ങളിലേക്ക് കൊണ്ടുപോകുന്നു. അക്കൂട്ടർ നരകാവകാശികളാണ്. അവൻ അതിൽ (ചിരകാല) വാസികളായിരിക്കും. (2.256-7)**

അടിസ്ഥാന വസ്തുതകൾ നൽകുകയും അവ വിശദീകരിക്കുകയും ചെയ്തു കഴിഞ്ഞാൽ പിന്നെ ഇസ്ലാം, മതപരമായ വിശ്വാസത്തെ ഒരു കാര്യകാരണസഹിതമുള്ള ബോധ്യപ്പെടുത്തലായി കണക്കാക്കുന്നു. വിശ്വാസം എന്നത് ഒരിയ്ക്കലും ഒരു നിർബന്ധത്തിന്റേയോ ബലാൽക്കാരത്തിന്റെയോ ശാഠ്യത്തിന്റെയോ കാര്യമേയല്ല. കാര്യകാരണസഹിതമുള്ള ബോധ്യപ്പെടുത്തൽ (Conviction) നേടിയെടുക്കുന്നതിനായി ഏതെങ്കിലുമൊരു വ്യക്തിയെയല്ല ഇസ്ലാം അഭിസംബോധന ചെയ്യുന്നത്. മറിച്ച്, ലോകജനതയെ ഒന്നടങ്കമാണ്. അത് മനുഷ്യരുടെ മനസ്സിനെ, ബുദ്ധിശക്തിയെ, സാമാന്യ ബോധത്തെ, വികാര വിചാരങ്ങളെ, അവരുടെ ഉൾക്കാഴ്ചകളെ ചുരുക്കിപ്പറഞ്ഞാൽ മനുഷ്യരുടെ മുഴുവൻ സ്വത്വരത്തയുമാണ് അഭിസംബോധന ചെയ്യുന്നത്. അത് ഒരു തരത്തിലുള്ള ബലപ്രയോഗത്തിനേയോ, മനസ്സിനെ സ്വാധീനിക്കുന്ന തരത്തിലോ, അല്ലെങ്കിൽ മനുഷ്യ മനസ്സുകൾക്ക് ഗ്രഹിക്കാനാകാത്തത്ര ഉന്നതിയിലോ ഉള്ള ഏതെങ്കിലും ഭൗതികാത്ഭുതങ്ങളെയോ ആശ്രയിക്കുന്നില്ല.

അതുപോലെ തന്നെ, ഇസ്ലാം, നിർബന്ധം ചെലുത്തൽ, ഭീഷണികൾ മറ്റേതെങ്കിലും തരത്തിലുള്ള ബലാത്ക്കാരങ്ങൾ തുടങ്ങിയവയിലൂടെ ജനങ്ങളെ മതപരിവർത്തനത്തിന് വിധേയരാക്കുന്നില്ല. പകരം അത് വസ്തുതകൾ നിരത്തുകയും, കാര്യകാരണങ്ങളിലൂടെയും, വിശദീകരണങ്ങളിലൂടെയും വിശ്വാസം ജനിപ്പിക്കുകയാണ്.

ഇതിനു നേരെ വിപരീതമായി ഇസ്ലാമിന് തൊട്ടു മുന്നെ അവതരിച്ച ക്രിസ്തുമതം (Christianity) ശക്തികൊണ്ട് ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുകയായിരുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തി തന്റെ സാമ്രാജ്യത്തിലുടനീളം ക്രിസ്തു മതം ഔദ്യോഗികമതമായി നിർബന്ധപൂർവ്വം നടപ്പിൽ വരുത്തി. ക്രിസ്ത്യൻ ന്യൂന പക്ഷങ്ങൾക്കെതിരിൽ തന്റെ മുൻഗാമികളെ അനുകരിച്ച് ക്രൂരമായ നടപടികൾ കൈകൊള്ളുകയും ചെയ്തു അദ്ദേഹം. ഈ മർദ്ദന മുറകൾ ക്രിസ്തുമതം സ്വീകരിക്കാത്ത പ്രജകൾക്കിടയിൽ മാത്രമല്ല, മറിച്ച് ചക്രവർത്തി നടപ്പിലാക്കിയ ഔദ്യോഗിക നയങ്ങൾ സ്വീകരിക്കാത്ത ക്രിസ്ത്യാനികൾക്കെതിരിലും സ്വീകരിക്കപ്പെട്ടു.

"മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും. വ്യതിരിക്തമായിരിക്കുന്നു." എന്ന ആഗോളതത്ത്വത്തെ ഉച്ചൈസ്തരം പ്രഘോഷിക്കുവാനും, അത് സ്ഥാപിച്ചെടുക്കുവാനുമായാണ്- ഇസ്ലാം മതം ജനങ്ങൾക്കിടയിലേക്ക് വന്നത്."

ഇതു എടുത്തുകാട്ടുന്നത് മനുഷ്യർക്ക് അവരുടെ ചിന്തകളിലൂടെ, അഭിപ്രായങ്ങളിലും, വികാര പ്രകടനങ്ങളിലും അല്ലാഹു അവർക്കായി മാത്രം നീക്കി വച്ച ഔന്നത്യവും പ്രത്യേക പരിഗണനയുമാണ്. അതിലൂടെ, നമുക്ക് ലഭിച്ചത് വിശ്വാസങ്ങളെ തെരെഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും, സ്വന്തം പ്രവൃത്തികളെ വിലയിരുത്തുവാനുള്ള പ്രത്യേക ഉത്തരവാദിത്തവുമാണ്. ഇവിടെയാണ് 20-ാം നൂറ്റാണ്ടിലെ ആധിപത്യ ശക്തികളുടെ

അടിച്ചമർത്തൽ തത്ത്വങ്ങളും, ഭരണതന്ത്രങ്ങളും അതുവരെ മാനവ സമൂഹത്തിനു നിഷേധിച്ച മാനവ വിമോചനത്തിന്റെ അന്തഃസ്സത്ത ഉൾക്കൊണ്ടിരിക്കുന്നത്. രാജ്യം അതിന്റെ അതിമാനുഷാകാരമായ (Super-Power) ശക്തിയുപയോഗിച്ച് നടപ്പിൽ വരുത്തിയിരിക്കുന്ന നിയമങ്ങളുടെയും, തന്ത്രങ്ങളുടേയും പരിധിയിൽ വരുന്നതൊഴികെ യാതൊന്നും ചെയ്യുവാനോ, തെരെഞ്ഞെടുക്കുവാനോ ഉള്ള സ്വാതന്ത്രം ആധുനികമനുഷ്യന് നിഷേധിച്ചിരിക്കുകയാണ്. ഇക്കാലത്ത് ഓരോ രാജ്യത്തിലേയും ജനതക്ക് നൽകിയിരിക്കുന്ന സ്വാതന്ത്ര്യം എന്നത് അവിടുത്തെ ഐഹികമായ രാജ്യ തന്ത്രങ്ങൾക്ക് വിധേയരായി– അതനുവദിക്കുന്ന സ്വാതന്ത്ര്യങ്ങളും, അവകാശങ്ങളും മാത്രമാസ്വദിച്ചുള്ള ഒരു ജീവിത രീതി മാത്രമാണ്.

ഇത്, ദൈവം നമ്മുടെ സ്രഷ്ടാവും, പ്രപഞ്ചത്തിന്റെയാകമാനം നാഥനുമാണെന്നും, ആ യാഥാർത്ഥ്യം തിരിച്ചറിയാത്ത പക്ഷം ഉന്മൂലനനാശം അഭിമുഖീകരിക്കേണ്ടി വരുമെന്നുമുള്ള വിശ്വാസത്തെ വെച്ചു പുലർത്താനുള്ള സ്വാതന്ത്ര്യം ഒരാൾക്കും നൽകുന്നില്ല.

ഒരു വ്യക്തിയെ ഒരു മനുഷ്യജീവി എന്ന നിലയിൽ അംഗീകരിക്കുന്ന അടിസ്ഥാന അവകാശങ്ങളിൽ ഒന്നാം സ്ഥാനം വഹിക്കുന്നത് വിശ്വാസ സ്വാതന്ത്ര്യമാണ്. അതിന്റെ നിഷേധം ഓരോ സ്ത്രീ പുരുഷനോടും, അവരോടുള്ള മാനുഷികതയുടെ നിഷേധമാണ്. വിശ്വാസ സ്വാതന്ത്ര്യം എന്നത് ഒരാൾക്ക് തന്റെ വിശ്വാസത്തെ പീഢനങ്ങളുടേയോ ഭീഷണിയുടേയോ ഭയം കൂടാതെ, പ്രചരിപ്പിക്കുന്നതിനും അത് വെളിപ്പെടുത്തുന്നതിനുമുള്ള സ്വാതന്ത്ര്യമാണ്. അങ്ങനെയല്ലാതെ വരുമ്പോൾ സ്വാതന്ത്ര്യമെന്നത് വെറുമൊരു പൊള്ളയായ അർത്ഥശൂന്യമായ ഒന്നായി മാറുന്നു.

അങ്ങേയറ്റം പ്രബുദ്ധിതമായ ലോക–ജീവിത കാഴ്ചപ്പാടുകൾ വച്ചു പുലർത്തുകയും, അങ്ങേയറ്റം വിചക്ഷണമാ. ഒരു സാമൂഹിക വ്യവസ്ഥ നിസ്സംശയം നടപ്പിൽ വരുത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇസ്ലാംമതം ഈ പറഞ്ഞ അടിസ്ഥാന തത്ത്വത്തെ ലോകത്ത് സ്ഥാപിച്ചെടുക്കുന്നതിലും, ലോകത്തിനു മുമ്പാകെ പ്രസ്താപിക്കുന്നതിലും മുൻപന്തിയിലാണ്.

ഇസ്ലാം തന്റെ അനുചരരെ പഠിപ്പിക്കുന്ന ആദ്യപാഠം ഒരാളെ ഇസ്ലാമാശ്ലേഷിക്കുന്നതിനു ബല പ്രയോഗം നടത്തുന്നതിൽ നിന്നും അവർ വിലക്കപ്പെട്ടിരിക്കുന്നു എന്നാണ്. സഹജമായ കുറവുകളും കുറ്റങ്ങളുമുണ്ടെങ്കിലും മനുഷ്യ നിർമ്മിതമായ സാഹൂഹിക– ഭരണ വ്യവസ്ഥകൾ ബലപ്രയോഗത്തിലൂടെയും മറ്റും അടിച്ചേൽപ്പിക്കുകയും അതിനെ എതിർക്കുന്നവർക്ക് ആ ഭരണ വ്യവസ്ഥയും ആദർശങ്ങളും നിലവിലിരിക്കുന്ന സ്ഥലത്ത് ജീവിക്കുന്നതിനും, അതിനെ നിഷേധിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഹനിക്കുകയും ചെയ്യുന്ന ആധുനിക കാഴ്ചപ്പാടിനു നേർവിപരീതമായ ഒരു സമീപനമാണ് ഇസ്ലാം നൽകുന്നത്.

വിശ്വാസം എന്നത് ഒരു വ്യക്തിയുടെ ആത്മാവിനേയും മനസ്സിനേയും അദ്ദേഹത്തിന്റെ ഉള്ളിൽ നിന്നും ദീപ്തമാക്കുകയും അതുവഴി അദ്ദേഹത്തിന്റെ സ്വത്വത്തെയും, ചിന്തകളെയും മൂല്യങ്ങളേയും ജ്വലിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രകാശ കിരണമാണ്. ഈ പ്രകാശം ലഭ്യമാകുന്ന ഏതൊരു വിശ്വാസിക്കും സുസ്ഥിരവും, സുദൃഢവുമായ ഗ്രാഹ്യശക്തി ലഭിക്കുകയും അതവനെ ഓരോ വസ്തുതയും ഗ്രഹിക്കുന്നതിനും, വിവേചനം നടത്തുന്നതിനും, അതിൽ നിന്നും തെരെഞ്ഞെടുക്കുന്നതിനും പ്രാപ്തനാക്കുകയും ചെയ്യുന്നു. ഇത് ആ വിശ്വാസിക്ക് ദൈവത്തിലേക്കുള്ള അവന്റെ പാതയെ വ്യക്തിമാക്കി, ദൈവിക നിയമങ്ങളും, അധ്യാപനങ്ങളും, നന്നായി മനസ്സിലാക്കി, തനിക്കു ചുറ്റുമുള്ള ലോകവുമായി ഐക്യരൂപേണ കടന്നു പോകുന്നതിനുള്ള പ്രാപ്തി നൽകുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ അദ്ദേഹം തന്റെ സ്വാഭാവിക പ്രകൃതിയുമായി താദാത്മകമായി, പ്രതിഷേധങ്ങളും, പ്രതിരോധങ്ങളുമൊഴിവാക്കി, തീർത്തും സമാധാന മനസ്കനായി ഒത്തൊരുമിച്ച് ജീവിക്കാനിടവരുന്നു.

സത്യത്തിന്റേയും വിശ്വാസത്തിന്റേയും ദീപ്തി അദ്വീതീയവും ഓരോ വ്യക്തിയേയും നേർ പാതയിൽ നടത്തുന്നതുമായ ഒന്നാണ്. എന്നാൽ പാപമെന്ന അർത്ഥത്തിൽ അന്ധകാരം പല രൂപഭാവങ്ങളോടുകൂടിയതു തന്നെ. അനിയന്ത്രിതമായ ആശകളിലും, ചാപല്യങ്ങളിലും അന്ധകാരം നിറഞ്ഞിരിക്കുന്നു. അതിക്രമങ്ങളിലും, ഗർവ്വിലും, ദുർഭരണങ്ങളിലും അന്ധകാരമാണ്. തിരുവായ്ക്കെതിർവായില്ല എന്ന മട്ടിലെ– അധമമായ–സമ്മതം നൽകലിലും, ദാസ്യവേലയിലും അന്ധകാരമാണ്. ആത്മപ്രശംസകളിലും, പുറം പൂച്ചിലും നിറഞ്ഞിരിക്കുന്നത് അന്ധകാരം തന്നെ. ദുർന്നടപ്പ്, ആർത്തി, വക്രബുദ്ധി, നാസ്തികത്വം തുടങ്ങിയവയിലൊക്കെ അന്ധകാരമല്ലാതെ മറ്റൊന്നുമല്ല. ഈ ഭാവങ്ങളിലുള്ള അന്ധകാരങ്ങൾ ഒരാളിൽ ഉടലെടുക്കുന്നത് ദൈവിക മാർഗ്ഗദർശനങ്ങളെ നിഷേധിക്കുകയും ദൈവിക മാർഗ്ഗങ്ങൾക്കും, ശക്തിക്കുമല്ലാതെയുള്ളവക്കു മുന്നിൽ തലകുനിക്കുകയും ചെയ്യുമ്പോഴാണ്. അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ആ ദിവ്യ ദീപ്തിയെ നിഷേധിച്ച് കടന്നു പോകുമ്പോൾ മനുഷ്യൻ അന്ധകാരത്തിലേക്കും നിരാശയിലേക്കും കൂപ്പു കുത്തുന്നു. അവന്റെ അന്ത്യം എത്ര പരിതാപകരം ! അവിശ്വസിച്ചവരാകട്ടെ, അവർ അവരെ പ്രകാശത്തിൽ നിന്നും അകറ്റി അന്ധകാരങ്ങളിലേക്കു കൊണ്ടുപോകുന്നു. അക്കൂട്ടർ നരകാവകാശികളാണ്. അവർ, അതിൽ (ചിരകാല) വാസികളായിരിക്കും.

മതത്തിൽ യൊതൊരു ബലപ്രയോഗവുമില്ല എന്ന പ്രസ്താവന ജിഹാദിന്റെ നിർബന്ധ ചുമതലയുമായോ അല്ലെങ്കിൽ ഫിത്ന് (കുഴപ്പങ്ങൾ) ഇല്ലാതുവുകയും, മതം (സ്വീകരിക്കുന്നത്) അല്ലാഹുവിനു വേണ്ടി ഉള്ളത് ആവുകയും ചെയ്യുന്നതുരെ- നിങ്ങൾ അവരോട് യുദ്ധം ചെയ്യുക, (2.193) എന്ന ആയത്തിലൂടെ വിശ്വാസ സംരക്ഷണത്തിനും, പ്രതിരോധത്തിനുമായി ആയുധമെടുക്കാമെന്ന് ഇസ്ലാം തുറന്നു പ്രഖ്യാപിക്കുകയും, ഖുർആനിലൂടെ ആഹ്വാനം ചെയ്യുകയും ചെയ്തിരിക്കുന്നതുമായോ സമരസപ്പെടുത്തുവാൻ കഴിയുമോ എന്ന ചോദ്യങ്ങൾ ഉയർത്തുന്നു.

ഈ അധ്യായത്തിലെ (സൂറ ബഖറ, 193) 193-ാം ആയത്തിൽ സൂചിപ്പിച്ചിരിക്കും പ്രകാരത്തിൽ, മതപീഢനവും. മതത്തിനെതിരെയുള്ള ഏതു ഭീഷണിയും യഥാർത്ഥ യുദ്ധത്തെക്കാൾ ഇസ്ലാമിന്റെ നിലനിൽപ്പിനെയും ഭാവി സംതുലനത്തെയും അപകടകരമായി ബാധിക്കുമെന്ന് ഇസ്ലാം കരുതുന്നു. വിശ്വാസത്തിന്റെ നിലനിൽപ്പും, ഐശ്വര്യവും മനുഷ്യ ജീവന്റെ നിലനിൽപ്പിനെയും സംരക്ഷണത്തെക്കാളും മുന്നിട്ടുവരുന്നു. ഇസ്ലാം ജീവനും സ്വത്തുക്കളും ശക്തിപ്രയോഗത്തിലൂടെ സംരക്ഷിക്കുന്നത് നീതീകരിക്കുന്നതോടൊപ്പം, വിശ്വാസ സംരക്ഷണത്തിനായി ശക്തിപ്രയോഗിക്കുന്നതിനെ അങ്ങേയറ്റം ന്യായീകരിക്കുകയും ചെയ്യുന്നു.

# THE TIME OF ELIXIR

## (മൃത സഞ്ജീവിനി സമയം)

(Received on 19.05.2002 at 11.30pm)

(19.05.2002 ~ 11.30pm **ന് ലഭിച്ചത്)**

രാത്രിയിലുടനീളം ഉണർന്നിരിക്കുക എന്നത് ഖലീലുല്ലാഹ്-യുടെ പതിവാണ്. ഭൗതികവാദികളായ മനുഷ്യൻ ഈ സമയം തങ്ങളുടെ വൈകാരികാനുഭൂതികൾക്കും, ഭൗതിക സുഖങ്ങൾക്കുമായി ചെലവിടുന്നു. ആത്മീയ മൂല്യങ്ങളിൽ തൽപ്പരരായ ഭക്തർ തങ്ങളുടെ നാഥനെ സ്മരിക്കുന്നതിലും സ്തുതിക്കുന്നതിലും തങ്ങളുടെ രാവുകളെ ഉപയോഗപ്പെടുത്തുന്നു. രണ്ടു വിഭാഗം ആൾക്കാരും ഉണർന്നിരിക്കുകയാണ്. പക്ഷെ ദൈവീക സ്മരണയിൽ സമയം ചെലവിടുന്നവരാണ് അനുഗ്രഹീതർ.

എന്റെ സ്വന്തം നാഥൻ പ്രത്യക്ഷനാവുന്ന വേളയാണ് രാവ്. ഈ സമയം ഉറക്കത്തിലാണ്ടു കിടക്കുന്നവർ ഭാഗ്യഹീനർ. കാരണം അവർ തങ്ങൾക്ക് ലഭിക്കാവുന്ന അനുഗ്രഹങ്ങളുടെ അനുഗ്രഹീത അവസരങ്ങൾ നഷ്ടപ്പെടുത്തുന്നവരത്രെ. പകൽ കർമ്മങ്ങൽക്ക് വേണ്ടിയുള്ളതാണ്. പക്ഷേ രാവാകട്ടെ ദൈവ സ്നേഹവും, ഭക്തിയും കാട്ടുന്നതിനുള്ളതും. ആയതിനാൽ രാവുകൾ ദൈവീകസ്മരണയിലും, ദൈവവുമായുള്ള സംവാദത്തിലുമായി ചെലവഴിക്കപ്പെടേണ്ടതാണ്. ലോകം മുഴുവൻ സുഖ സുഷുപ്തിയിലാണ്ടിരിക്കുമ്പോൾ ദൈവത്തിന്റെ ഭക്ത ദാസർ ദൈവിക ധ്യാനത്തിൽ മുഴുകുന്നു.

രാവിന്റെ ആദ്യയാമത്തിലുള്ള ദൈവിക ധ്യാനം ചെടികളുടെ നാമ്പെടുക്കൽ (മുളച്ചു പൊന്തൽ) പോലെയും അന്ത്യയാമങ്ങളിലെ ദൈവിക ധ്യാനം പഴുത്തു പാകമായ ഫലങ്ങൾ നിറഞ്ഞ മരങ്ങൾ പോലെയും ആണ്. ഈ യാമത്തിൽ ധ്യാന നിരതനായിരിക്കുന്ന ആൾക്ക് ദൈവിക അനുഗ്രഹങ്ങളുടെ ഒരു കലവറതന്നെ ലഭ്യമാകുന്നു. ലോകമുറങ്ങുമീ യാമത്തിൽ ദൈവത്തിന്റെ ഭക്തദാസർ ദൈവസ്മരണയിൽ ആമഗ്നരായി ദൈവീക സ്നേഹമാകും വർണ്ണരാജിയിൽ വിലസിടുന്നു.

Translated By

**FAUZIA JAMAL**

B.A (English) M.A (English) B.Ed (English)
M.Ed (English) SET (English)

**(Issued by: R.Jamaludin Raother ~ Amir Jamaat Ul Sahih Al Islam Kerala (Regd.No. A693)**
**Phone : 9447001832, 0475-2252530 ~ jamal.raother@gmail.com)**